**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6091** **10.7.2012-ൽ മറുപടിക്ക്**

വിളപ്പിൽശാലയിലെ മാലിന്യ സംസ്കരണ പ്ലാന്റ്

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. വി.ശിവൻകുട്ടി | | ശ്രീ.മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) തിരുവനന്തപുരം വിളപ്പിൽശാല യിലെ മാലിന്യ സംസ്കരണപ്ലാന്റ് അടിയന്തിരമായി പ്രവർത്തിപ്പിക്കണ മെന്നു നിർദ്ദേശിച്ചു കൊണ്ട് ഹൈക്കോടതിയും സുപ്രീം കോടതിയും പുറപ്പെടുവിച്ച വിധി കൾ എന്നാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; | എ) | വിളപ്പിൽശാല മാലിന്യ സംസ്ക്കരണ ഫാക്ടറി തുറന്നു പ്രവർത്തിക്കുന്നതിന് അനു വദിച്ച് കൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിന് വിളപ്പിൽ ഗ്രാമപഞ്ചായത്തു മായും, വിളപ്പിൽശാല സമരസമിതിയുമായും മുഖ്യമന്ത്രിയുടേയും നഗരകാര്യവകുപ്പുമന്ത്രി യുടേയും അദ്ധ്യക്ഷതയിൽ പലവട്ടം ചർച്ചകൾ നടത്തി. തുടർന്ന് 2012 ഫെബ്രുവരി 13ന് പോലിസ് സംരക്ഷണത്തോടെ മാലിന്യം വിള പ്പിൽശാലയിലേക്ക് കൊണ്ടുപോകുന്നതിന് നട പടികൾ സ്വീകരിച്ചെങ്കിലും പ്രദേശവാസിക ളുടെ ശക്തമായ എതിർപ്പ് മൂലം പ്രസ്തുത ശ്രമം പരാജയപ്പെട്ടു. ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവരുമായി സമ ന്വയം ഉണ്ടാക്കുന്നതിനായി ഹൈക്കോടതി മീഡിയേഷൻ സെന്റർ മുഖേന മദ്ധ്യസ്ഥ ചർച്ച കൾ നടന്നു വരുന്നു. ആയതിന്റെ തീരുമാന ത്തിനനുസൃതമായി തുടർനടപടികൾ സ്വീകരി ക്കുന്നതാണ്. |
| ബി) പ്രസ്തുത വിധികൾ സമയബന്ധിത മായി നടപ്പിലാക്കാതെ അനിശ്ചിത മായി നീട്ടിക്കൊണ്ടു പോകുന്നതു കാരണം എന്തെങ്കിലും കോടതി അലക്ഷ്യ നടപടി നേരിടുന്നുണ്ടോ; | ബി) | ഇല്ല. |
| സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശ ങ്ങൾ ലഭ്യമാക്കുമോ ? | സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ